**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം മരുതൂർകുളങ്ങര എസ്.എൻ.യു.പി.സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**995/2026/GEDN** തീയതി,തിരുവനന്തപുരം, **03-02-2026**

---

പരാമർശം:- 1. **18/04/2022** തീയതിയിലെ **G.O.(P)No.5/2022/GEDN**

2 സ.ഉ(കൈ) നം.**54/2024**/പൊ .വി .വ തീയതി ,**01.06.2024**

3 എസ്.എൻ.യു.പി.സ്കൂൾ മാനേജർ **05.2025** തീയതിയായി സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി

4 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **04.08.2025** തീയതിയിലെ **DGE/14665/2025 -RA5** ഡി.ജി.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മരുതൂർകുളങ്ങര തെക്ക് എസ്.എൻ.യു.പി.സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ **04.08.2025** തീയതിയിൽ വാദം കേട്ടു.

**2.മാനേജരുടെ വാദം താഴെ പ്രകാരം ആയിരുന്നു :**

കരുനാഗപ്പള്ളി വിദ്യാഭ്യാസ ഉപജില്ലയിലെ മരുതൂർകുളങ്ങര എസ്.എൻ.യു.പി സ്കൂളിൽ **2023-24** അദ്ധ്യയനവർഷത്തെ തസ്തിക നിർണ്ണയ പ്രകാരം ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ **2** ഡിവിഷനുകൾ വീതം **14** ഡിവിഷനും ആനുപാതിക തസ്തികകളും അനുവദിച്ചിരുന്നു. **2024-25** അദ്ധ്യയനവർഷവും ഈ സ്കൂളിലെ ആറാം സാദ്ധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷം നിലനിന്ന **14** ഡിവിഷനുകൾക്കും ആനുപാതിക തസ്തികകൾക്കും നിയമാനുസരണം അർഹത ഉണ്ടായിരുന്നു.

എന്നാൽ ഒന്നാം സ്റ്റാൻഡേർഡിൽ ആറാം സാദ്ധ്യായ ദിവസം നിലവിലുണ്ടായിരുന്ന 33 കുട്ടികളിൽ ഒരു കുട്ടി ഇൻവാലിഡ് യൂ.ഐ.ഡി. ആയും 2 കുട്ടികൾ ആറാം സാദ്ധ്യായ ദിവസത്തിൽ യു.ഐ.ഡി. നമ്പർ ഇല്ലാത്ത കുട്ടികളായും കണക്കാക്കി ഇഫക്ടീവ് സ്ട്രെങ്ത് 30 ആയി കുറവ് ചെയ്ത് മുൻവർഷം നിലനിന്ന രണ്ട് ഡിവിഷൻ ഒന്നായി കുറവ് ചെയ്യുകയും എൽ.പി.എസ്.റ്റി. തസ്തിക എട്ടിൽ നിന്നും ഏഴായി കുറവ് വരുത്തിയുമാണ് കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ 09-07-2024 ലെ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചത്.

കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ എൽ.പി വിഭാഗത്തിലെ ഒരു ഡിവിഷനും ആനുപാതിക എൽ.പി.എസ്.റ്റി തസ്തിക കുറവ് ചെയ്ത ഉത്തരവിനെതിരെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് വസ്തുതകൾ ബോദ്ധ്യപ്പെടുത്തി സ്റ്റാറ്റ്യൂട്ടറി അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ തസ്ത്ിക നിർണ്ണയത്തിന് പരിഗണിയ്ക്കാതിരുന്ന കുട്ടികളുടെ നിജസ്ഥിതി സംബന്ധിച്ച് വിശദമായി പരിഗണിയ്ക്കാതെ തന്നെ ആറാം സാദ്ധ്യായ ദിവസത്തിലെ യു.ഐ.ഡി ഉള്ള കുട്ടികളെ മാത്രമേ തസ്തികനിർണ്ണയത്തിന് പരിഗണിയ്ക്കാൻ കഴിയുകയുള്ളൂ എന്ന പരാമർശത്തോടെ 23-11-2024 ലെ ഉത്തരവ് പ്രകാരം അപ്പീൽ നിരസിയ്ക്കുകയാണുണ്ടായത്.

കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെതിരെ കേരളാ വിദ്യാഭ്യാസ നിയമം അദ്ധ്യായം 12 ഇ പ്രകാരമുള്ള റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയതിനെ തുടർന്ന് 08-04-2025 ൽ ഗൂഗിൾ മീറ്റ് മുഖാന്തിരം പൊതു വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ അപ്പീലിൻമേലുള്ള വാദം കേൾക്കുകയുണ്ടായി. തസ്ത്ിക നിർണ്ണയം യു.ഐ.ഡി അധിഷ്ഠിത തസ്തിക നിർണ്ണയമാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളതെന്നതിനാൽ ആറാം പ്രവർത്തി ദിവസത്തെ സമ്പൂർണ്ണയിലെ വാലിഡ് യു.ഐ.ഡി - യുള്ള കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിയ്ക്കുന്നതെന്നതിനാൽ അപ്പീൽ പരിഗണനാർഹമല്ലായെന്ന് വ്യക്തമാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടറും റിവിഷൻ അപ്പീൽ നിരസിക്കുകയാണുണ്ടായത്.

ആറാം സാദ്ധ്യായ ദിവസം ആധാർ ഇൻവാലിഡ് ആയിരുന്നു എന്നു പറയുന്ന **Arush, Ad. No.7280, UID-449505806151 (S/o.** ആര്യ.ജി. പുതുപ്പറമ്പിൽ, പണ്ടാരത്തുരുത്ത്, ചെറിയഴിക്കൽ പി.ഒ., കരുനാഗപ്പള്ളി) എന്ന കുട്ടിയുടെ പേര് നവനീത് എന്നായിരുന്നു ജനന സർട്ടിഫിക്കറ്റിലും ആധാറിലും ഉൾപ്പെടെ രേഖപ്പെടുത്തിയത്. എന്നാൽ തുടർന്ന് ജനന സർട്ടിഫിക്കറ്റിൽ പേര് ആരുഷ് **(Arush)** എന്ന് തിരുത്തിയിട്ടുള്ളതും അത് പ്രകാരം സ്കൂളിൽ ചേർക്കുകയുമാണുണ്ടായത്. കുട്ടിയുടെ പേര് ആധാറിൽ തിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും പേര് പൂർണ്ണമായ രൂപത്തിൽ മാറ്റുന്നതിന് ഗസറ്റ് നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആവശ്യമാകയാൽ നീണ്ടുപോകുകയാണുണ്ടായത്. ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നവനീത്, ആരുഷ് എന്ന പേരിലുള്ള കൂട്ടി ഒരാൾ തന്നെയാണെന്ന് തെളിയിക്കുന്ന വില്ലേജാഫീസറുടെ **One and the same certificate** എന്നിവ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഹിയറിംഗിന് ഹാജരാക്കിയിരുന്നു. ടി കുട്ടിയുടെ ആധാറിൽ മാറ്റം വരുത്തുന്നതിന് വേണ്ടി കോടതിയിൽ ഫയൽ ചെയ്ത **W.P.(C) No. 11961/2025** സംബന്ധിച്ച അഡ്വക്കേറ്റിൻ്റെ കത്തിൻ്റെ പകർപ്പ് കുടി ഉൾപ്പെടുത്തുന്നു. ടി കുട്ടിയുടെ യു.ഐ.ഡി.യിൽ യാതൊരുവിധ സംശയവുമില്ലാതിരിക്കെ തികച്ചും സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് പരിഗണിയ്ക്കപ്പെടാതെ പോയത് കുട്ടിയുടെ ഐഡന്റിറ്റിയെ തന്നെ ബാധിയ്ക്കുന്ന വിഷയവും അത് വഴി തസ്തിക നഷ്ടത്തിന് കാരണഭൂതമാവുകയും ചെയ്തിട്ടുള്ള വിഷയം അനുഭാവപൂർവ്വം പരിഗണിയ്ക്കണമെന്ന് അപേക്ഷിയ്ക്കുന്നു.

ആറാം പ്രവർത്തി ദിവസം ആധാർ ഇല്ലാതിരുന്ന **(1) Deepak (Ad.No. 7309) UDI 3335 4194 6351 (2) Visma18/04/2022** തീയതിയിലെ **G.O.(P)No.5/2022/GEDN ya.S., Ad No. 7305, UID-40288379068100** എന്നീ കിട്ടികളുടെ ആധാർ എൻറോൾ ചെയ്യുന്നതിന് രക്ഷകർകത്താക്കളുടെ ആധാറിലെ അപാകതകൾ പരിഹരിക്കേണ്ടത് ആവശ്യമായിരുന്നു. തുടർന്ന് രക്ഷകർത്താക്കളുടെ ആധാർ അപ്ഡേഷൻ പൂർത്തിയായ ശേഷം മേൽ പരാമർശിത കുട്ടികളുടെ ആധാർ യഥാക്രമം **12-07-2024** ൽ എൻറോൾ ചെയ്ത **27-07-2024** ലും **01-08-2024** ൽ ആധാർ അപ്ഡേഷൻ പൂർത്തിയാക്കി **04-08-2024** ലും ലഭിച്ചിട്ടുള്ളതാണ്.

അത്തരത്തിൽ യു.ഐ.ഡി. ഇൻവാലിഡ് ആയ വിദ്യാർത്ഥിയും ആറാം പ്രവർത്തി ദിവസം ആധാർ ഇല്ലാതിരുന്ന രണ്ട് വിദ്യാർത്ഥികളും തുടർന്ന് ആധാർ അപ്ഡേഷൻ വരുത്തി ഈ സ്കൂളിൽ ഒന്നാം ക്ലാസ്സിൽ റോളിൽ തുടർന്ന് വരുന്ന വസ്തുത ബോദ്ധ്യപ്പെട്ടും ഇൻവാലിഡ് ആയ വിദ്യാർത്ഥിയുടെ **Genuinity** മാത്രം ഉൾക്കൊണ്ടാൽ പോലും ഒന്നാം സ്റ്റാൻഡേർഡിലെ എഫക്ടീവ് സ്ട്രെങ്ത് **31** ആണ് എന്നത് കണക്കിലെടുത്തും മുൻവർഷം നിലവിലുണ്ടായിരുന്ന ഒന്നാം സ്റ്റാൻഡേർഡിലെ രണ്ടാമത്തെ ഡിവിഷനും ആനുപാതിക എൽ.പി.എസ്.റ്റി തസ്തികയ്ക്കും അർഹത നിലനിൽക്കുന്ന സാഹചര്യത്തിൽ അത് അനുവദിച്ച് നൽകുന്നതിന് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിയ്ക്കുന്നു.

സമാനസ്വഭാവത്തിൽപെട്ട എറണാകുളം മൂവാറ്റുപുഴ മുളവൂർ എം.എസ്.എം എൽ.പി.എസ് - ലെ **2023-24** വർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച് ഒന്ന്, രണ്ട് ക്ലാസ് ഡിവിഷനുകളിൽ യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നതിനെ തുടർന്ന് കുറവ് ചെയ്യപ്പെട്ട രണ്ട് ഡിവിഷനുകളും ആനുപാതിക രണ്ട് എൽ.പി.എസ്.റ്റി തസ്തികകളും നിലവിലുണ്ടായിരുന്ന വിദ്യാർത്ഥികളിൽ നിന്നും പുതുതായി യു.ഐ.ഡി നേടിയതോ അഥവാ ഇൻവാലിഡ് യു.ഐ.ഡി വാലിഡ് ആക്കി ലഭ്യമാക്കിയതോ ആയ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് നൽകുന്നതിന് നിർദ്ദേശം നൽകി പൊതു വിദ്യാഭ്യാസ (ഇ) വകുപ്പിൻ്റെ **21-04-2025** ലെ സ.ഉ. (സാധാ) നം. **2759/2025**/പൊ.വി.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സമാന സ്വഭാവത്തിലുള്ള മരുതൂർകുളങ്ങര എസ്.എൻ.യു.പി.എസിൽ **2024-25** അദ്ധ്യയന വർഷാരംഭം മുതൽ ഒന്നാം സ്റ്റാൻഡേർഡിൽ റോളിലുണ്ടായിരുന്ന **33** കുട്ടികളിൽ ഒരു കുട്ടിയെ ഇൻവാലിഡ് യു.ഐ.ഡി യായും രണ്ട് കുട്ടികളെ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളായും കണക്കാക്കി തസ്തിക നിർണ്ണയം കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ പൂർത്തീകരിച്ചത് തികച്ചും സാങ്കേതിക കാരണങ്ങളാൽ മാത്രമാണ്. യു.ഐ.ഡി ഇല്ലാത്ത അല്ലെങ്കിൽ ഇൻവാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളെ കൂടി സമന്വയയിൽ ഉൾപ്പെടുത്തുന്നതിന് പൊതു

വിദ്യാഭ്യാസ ഡയറക്ടർ നൽകിയ നിർദ്ദേശം പാലിയ്ക്കുന്നതിന് **KITE** ൽ നിന്നും ഫാക്കൽറ്റി നേരിട്ടെത്തി ആയത് അപ്‌ലോഡ് ചെയ്യിക്കുന്നതിന് ശ്രമിച്ചെങ്കിലും സമയബന്ധിമായി അത് അപ്ലോഡ് ചെയ്യുന്നതിന് കഴിഞ്ഞില്ല. ഇൻവാലിഡ് ആയി കണക്കാക്കിയിട്ടുള്ള ആരുഷ്.എ എന്ന കുട്ടി ഒന്നാം സ്റ്റാൻഡേർഡിൽ വിദ്യാലയ വർഷാരംഭത്തിൽ തന്നെ ചേർന്ന് തുടർന്നുവരുന്ന സാഹചര്യം മാത്രം കണക്കിലെടുത്താൽപോലും ഒന്നാം സ്റ്റാൻഡേർഡിൽ ആകെ **31** കുട്ടികൾക്ക് മുൻ വർഷം നിലനിന്നു വന്ന രണ്ട് ഡിവിഷനുകൾക്കും ആനുപാതിക എൽ.പി.എസ്.റ്റി തസ്തികയും അനുവദിച്ച് ലഭിക്കുന്നതിന് നിയമതടസ്സമില്ല. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് **21-04-2025** ലെ (സ.ഉ.)സാധാ) നം. **2759/2025**/പൊ.വി.വ. ഉത്തരവ് പ്രകാരം എറണാകുളം മൂവാറ്റുപുഴ മുളയ്ക്കൽ എം.എസ്.എൽ.പി.എസിലെ തസ്തിക നിർണ്ണയം ഭേദഗതി വരുത്തുന്നതിന് നൽകിയ ആനുകൂല്യം സമാനസ്വഭാവത്തിലുള്ള മരുതൂർകുളങ്ങര എസ്.എൻ.യു.പി.എസിന് കൂടി നൽകി തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് ഒന്നാം സ്റ്റാൻഡേർഡിൽ രണ്ടാമത്തെ ഡിവിഷനും മുൻവർഷം നിലനിന്ന എട്ടാമത്തെ എൽ.പി.എസ്.റ്റി തസ്തികയും അനുവദിച്ച് നൽകുന്നതിന് ഉത്തരവുണ്ടാകണമെന്ന് സവിനയം അപേക്ഷിയ്ക്കുന്നു.

**3.**പൊതു വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം വാദിച്ചു :

കരുനാഗപ്പള്ളി വിദ്യാഭ്യാസ ഉപജില്ലയിലെ മരുതൂർകുളങ്ങര എസ്.എൻ.യു.പി. അദ്ധ്യയനവർഷത്തെ തസ്തിക നിർണ്ണയ പ്രകാരം സ്കൂളിൽ **2023-24** വർഷം ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ **2** ഡിവിഷനുകൾ വീതം **14** ഡിവിഷനും ആനുപാതിക തസ്തികകളും അനുവദിച്ച് ലഭിച്ചിരുന്നു. **2024-25** അദ്ധ്യയനവർഷവും ഈ സ്കൂളിലെ ആറാം സാദ്ധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മുൻവർഷം നിലനിന്ന **14** ഡിവിഷനുകൾക്കും ആനുപാതിക തസ്തികകൾക്കും നിയമാനുസരണം അർഹത ഉണ്ടായിരുന്നു. എന്നാൽ ഒന്നാം സ്റ്റാൻഡേർഡിൽ ആറാം സാദ്ധ്യായ ദിവസം നിലവിലുണ്ടായിരുന്ന **33** കുട്ടികളിൽ ഒരു കുട്ടി ഇൻവാലിഡ് യു.ഐ.ഡി ആ**18/04/2022** തീയതിയിലെ **G.O.(P)No.5/2022/GEDN** യും **2** കുട്ടികൾ ആറാം സാദ്ധ്യായ ദിവസത്തിൽ യു.ഐ.ഡി നമ്പർ ഇല്ലാത്ത കുട്ടികളായും കണക്കാക്കി

ഇഫക്റ്റീവ് സ്ട്രെങ്ത് 30 ആയി കുറവ് ചെയ്ത് മുൻവർഷം നിലനിന്ന രണ്ട് ഡിവിഷൻ ഒന്നായി കുറവ് ചെയ്യുകയും 1 LPST തസ്തിക നഷ്ടപ്പെട്ടു എന്നും ആയതു പുനഃസ്ഥാപിച്ചു നൽകണം എന്നുമാണ് അപ്പീൽ ആവശ്യം.

മരുതൂർകുളങ്ങര എസ്.എൻ.യു.പി സ്കൂളിൽ 2024-25 അദ്ധ്യായന വർഷം യു.ഐ.ഡി അധിഷ്ഠിത തസ്തിക നിർണയമാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത് എന്നതിനാൽ സമ്പൂർണ്ണയിൽ ആറാം പ്രവർത്തി ദിനത്തിൽ ലഭ്യമാകുന്ന വാലിഡ് യു.ഐ.ഡി യുള്ള കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. ഇൻവാലിഡ്/ഇ.ഐ.ഡി പരിഗണിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. കൂടാതെ 18.4.2022 ലെ GO(P)5/2022/GEDN മുഖേനെ KER ൽ അധ്യായം 23 ചട്ടം 12 (i) ഉപചട്ടം 1 ൽ വരുത്തിയ ഭേദഗതി പ്രകാരവും ഈ കാര്യാലയത്തിലെ 13.06.2024 തീയതിയിലെ DGE/7208/2024-H2 നമ്പർ കത്ത് പ്രകാരവും വാലിഡ് UID ഉള്ള കുട്ടികളെ മാത്രം പരിഗണിച്ചു തസ്തിക നിർണയം നടത്താൻ നിർദ്ദേശം നൽകിയിരുന്നു. ആയതിനാൽ ടി സ്കൂളിൽ 2024-25 അധ്യയന വർഷം തസ്തിക നിർണ്ണയം ക്രമപ്രകാരമാണ് എന്നാണ് പൊതു വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെ വാദം.

4.സർക്കാർ ഈ വിഷയം ഹർജിക്കാരിയുടെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മരുതൂർകുളങ്ങര എസ്.എൻ.യു.പി സ്കൂളിൽ 2023-24 അധ്യയന വർഷത്തെ തസ്തിക നിർണയ പ്രകാരം ഒന്നു മുതൽ ഏഴ് ക്ലാസ് വരെ രണ്ട് ഡിവിഷനിൽ വീതം 14 ഡിവിഷനും ആനുപാതിക തസ്തികളും അനുവദിച്ചിരുന്നു. 2024-25 അധ്യയന വർഷത്തിൽ ഈ സ്കൂളിലെ ആറാം സാധ്യായ ദിനത്തിൽ നിലവിലുണ്ടായിരുന്ന 33 കുട്ടികളിൽ ഒരു കുട്ടി ഇൻവാലിഡ് UID ആയും രണ്ടു കുട്ടികൾ ആറാം സാധ്യായ ദിനത്തിൽ UID നമ്പർ ഇല്ലാത്ത കുട്ടികളായും കണക്കാക്കി മുൻ വർഷത്തിൽ നിന്നും രണ്ട് ഡിവിഷൻ ഒന്നായി കുറവ് ചെയ്യുകയും എൽ.പി.എസ്.ടി. തസ്തിക ഏഴായി കുറവ് വരുത്തിയുമാണ് അംഗീകരിക്കപ്പെട്ടത്. ആറാം സാധ്യായ ദിനത്തിലെ യു.ഐ.ഡി. ഉള്ള കുട്ടികളെ മാത്രമേ18/04/2022 തീയതിയിലെ G.O.(P)No.5/2022/GEDN പ്രകാരം തസ്തികനിർണ്ണയത്തിന്

പരിഗണിക്കാൻ കഴിയൂ എന്ന കാരണത്താലാണ് ഒരു ഡിവിഷൻ കുറയ്ക്കേണ്ടി വന്നതെന്ന് പൊതു വിദ്യാഭ്യാസ ഓഫീസർമാർ അറിയിച്ചു. 18.04.2022 ലെ G.O.(P)5/2022/GEDN ഉത്തരവ് മുഖേന KER ൽ അദ്ധ്യായം 23 ചട്ടം 12 (i) ഉപ ചട്ടം 1 ൽ വരുത്തിയ ഭേദഗതി പ്രകാരവും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.06.2024 തീയതിയിലെ DGE/7208/2023-H2 നമ്പർ കത്ത് പ്രകാരവും ആണ് വാലിഡ് UID ഉള്ള കുട്ടികളെ മാത്രം പരിഗണിച്ച് തസ്തിക നിർണ്ണയം നടത്തിയത്.

5.ആറാം സാധ്യായ ദിവസം ആധാർ ഇൻ വാലിഡ് ആയിരുന്ന ആരുഷ് എന്ന കുട്ടിയുടെ പേര് നവനീത് എന്നായിരുന്നു എന്നും ജനന സർട്ടിഫിക്കറ്റിൽ പേര് ആരുഷ് എന്ന് തിരുത്തിയിട്ടുള്ളതും അത് പ്രകാരം സ്കൂളിൽ ചേർക്കുകയുമാണുണ്ടായത്. ആയതിനാൽ കുട്ടിയുടെ പേര് ആധാറിൽ തിരുത്തുന്നതിന് നടപടികൾ സ്വീകരിച്ചെങ്കിലും പേര് പൂർണമായ രൂപത്തിൽ മാറ്റുന്നതിന് ഗസറ്റ് നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആവശ്യമായി വന്നതിനാൽ നീണ്ടു പോവുകയാണ് ഉണ്ടായതെന്നുമാണ് ഹർജിക്കാരൻ വാദിക്കുന്നത്. നവനീത്, ആരുഷ് എന്ന പേരിലുള്ള കുട്ടികൾ ഒരാൾ തന്നെയാണ് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ഇൻ വാലിഡ് ആയി കണക്കാക്കിയിട്ടുള്ള ആരുഷ്.എ എന്ന ഈ കുട്ടി ഒന്നാം സ്റ്റാൻഡേർഡിൽ ഈ വിദ്യാലയത്തിൽ തന്നെ ചേർന്ന് തുടർന്ന് വരുന്ന സാഹചര്യം കണക്കെടുത്ത് 31 കുട്ടികൾക്ക് മുൻവർഷം നിലനിന്നു വന്ന രണ്ട് ഡിവിഷനുകളും മുൻവർഷം നിലനിന്ന ആനുപാതിക എൽ.പി.എസ്.റ്റി തസ്തികയും അനുവദിച്ചു നൽകണമെന്നാണ് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം.

6. പരാമർശം (1) ഉത്തരവ് മുഖേന KER അധ്യായം 23 ചട്ടം 12 (1) ഉപചട്ടം 1 ൽ വരുത്തിയ ഭേദഗതി പ്രകാരവും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13/06/2024 തീയതിയിലെ DGE/7208/2024-H2 നമ്പർ കത്ത് പ്രകാരവും 2024-25 അദ്ധ്യായന വർഷം വാലിഡ് UID ഉള്ള കട്ടികളെ മാത്രം പരിഗണിച്ചു തസ്തിക നിർണ്ണയം നടത്താൻ നിലവിൽ വ്യവസ്ഥയുള്ളത് . ആറാം പ്രവർത്തി ദിനത്തിൽ ലഭ്യമാകുന്ന വാലിഡ് UID യുള്ള കട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. ഇവിടെ 2024-25 അദ്ധ്യായന

വർഷം അനുവദനീയമായ സമയ പരിധിക്കുള്ളിൽ വാലിഡ് UID സമർപ്പിക്കുവാൻ അധികൃതർക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ വാലിഡ് UID ഇല്ലാത്ത ആരുഷ് . എ എന്ന കുട്ടിയെ കൂടി ഉൾപ്പെടുത്തികൊണ്ട് 2024-2025 അധ്യയന വർഷത്തെ തസ്തിക പുനർനിർണ്ണയം നടത്തുവാൻ നിലവിലെ ചട്ട വ്യവസ്ഥകൾ അനുസരിച്ച് നിർവ്വാഹമില്ലാത്തതിനാൽ സൂചന മൂന്ന് പ്രകാരം കൊല്ലം മരുതൂർകുളങ്ങര എസ്.എൻ.യു.പി.സ്കൂൾമാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് അപ്രകാരം സൂചന മൂന്നിലെ റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
മാനേജർ, എസ്.എൻ.യു.പി.സ്കൂൾ, മരുതൂർകുളങ്ങര, കൊല്ലം
പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ് (GE-JA1/436/2025-G.EDN dtd,21.11.2025)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ ) വകുപ്പ്,
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Meera S S
Date: 04-02-2026 17:55:31
സെക്ഷൻ ഓഫീസർ